


**എസ്.എൻ.ഡി.പി യോഗത്തിന്റെ സിവിൽ സർവീസ് പരീക്ഷാ പരിശീലന സ്കോളർഷിപ്പിന് കുട്ടികളെ തിരഞ്ഞെടുക്കുന്നതിനുള്ള പരീക്ഷയുടെ രണ്ടാംഘട്ടത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അനുഗ്രഹ പ്രഭാഷണം നടത്തുന്നു. എസ്.എൻ ട്രസ്റ്റ് ട്രഷറർ ഡോ.ജയദേവൻ, കോ ഓർഡിനേറ്റർ പി.വി. രജിമോൻ, ശ്രീ നാരായണ എംപ്ലോയീസ് ഫോറം സംസ്ഥാന പ്രസിഡന്റ് എസ്. അജുലാൽ, ശ്രീനാരായണ പെൻഷണേഴ്സ് കൗൺസിൽ പ്രസിഡന്റ് പി.ആർ. ജയചന്ദ്രൻ തുടങ്ങിയവർ സമീപം**

# പത്ത് സിവിൽ സർവീസുകാരെയെങ്കിലും സൃഷ്ടിക്കുകയാണ് ലക്ഷ്യം

**ഉന്നത വിദ്യാഭ്യാസ മേഖലയിലും, ഉന്നത തൊഴിൽമേഖലയിലും, ഭരണനിർവഹണ മേഖലയിലും സമുദായത്തിന്റെ പിന്നാക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് എസ്എൻഡിപി യോഗത്തിനോടൊപ്പം വിദ്യാർത്ഥികളും രക്ഷാകർത്താക്കളും സമുദായ സ്നേഹികളും യോഗം പ്രവർത്തകരും ആത്മാർത്ഥമായി പ്രവർത്തിച്ചാൽ മാത്രമെ നമുക്ക് ഈ ലക്ഷ്യത്തിൽ എത്തിച്ചേരാൻ പറ്റുകയുള്ളൂ**

കൊല്ലം: പത്ത് സിവിൽ സർവീസുകാരെയെങ്കിലും സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് എസ്എൻഡിപി യോഗംജനറൽസെക്രട്ടറി വെള്ളാപ്പള്ളി നടേശൻപറഞ്ഞു.എസ്എൻഡിപി യോഗത്തിന്റെ നേതൃത്വത്തിൽ സിവിൽ സർവീസ് പരീക്ഷാ പരിശീലന സ്കോളർഷിപ്പിന് കുട്ടികളെ തിരഞ്ഞെടുക്കുന്നതിനുള്ള രണ്ടാം ഘട്ട പരീക്ഷയോടനുബന്ധിച്ച് ചേർന്ന സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്ന അദ്ദേഹം.

ഉന്നത വിദ്യാഭ്യാസ മേഖലയിലും, ഉന്നത തൊഴിൽമേഖലയിലും, ഭരണനിർവഹണ മേഖലയിലും സമുദായത്തിന്റെ പിന്നാക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് എസ്എൻഡിപി യോഗത്തിനോടൊപ്പം വിദ്യാർത്ഥികളും രക്ഷാകർത്താക്കളും സമുദായ സ്നേഹികളും യോഗം പ്രവർത്തകരും ആത്മാർത്ഥമായി പ്രവർത്തിച്ചാൽ മാത്രമെ നമുക്ക് ഈ ലക്ഷ്യത്തിൽ എത്തിച്ചേരാൻ പറ്റുകയുള്ളൂ. കഴിഞ്ഞവർഷം 20 സമർത്ഥരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി ഈ പദ്ധതി തുടക്കമിട്ടതാണ്. ഈ വർഷം അതിൽ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിക്കൊണ്ട് ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളുമായാണ്എസ്എൻഡിപിയോഗം മുന്നോട്ടുപോകുന്നത്.27 ശതമാനം സംവരണം കേന്ദ്ര സർവകലാശാലയിൽ ഒബിസി വിഭാഗങ്ങൾക്കുണ്ട്.സമുദായ അംഗങ്ങൾ ഈ അവസരങ്ങൾ പ്രയോജനപ്പെടുത്തണം.

കൊല്ലം ശ്രീനാരായണഗുരു കോളേജ് ഓഫ് ലീഗൽ സ്റ്റഡീസിൽ വെച്ച് നടന്ന രണ്ടാംഘട്ട സ്കോളർഷിപ്പ് പരീക്ഷയോട് അനുബന്ധിച്ചുള്ള വിദ്യാർത്ഥി രക്ഷാകർത്തൃ സമ്മേളനത്തിൽ കോഓർഡിനേറ്റർ പി.വി രജിമോൻ അദ്ധ്യക്ഷനായിരുന്നു. എസ്എൻ ട്രസ്റ്റ് ട്രഷറർ ഡോ. ജയദേവൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോക്ടർ ഉഷ മുഖ്യപ്രഭാഷണം നടത്തി. ശ്രീ നാരായണ എംപ്ലോയീസ് ഫോറം ട്രഷറർ ഡോ. എസ് വിഷ്ണു ,പെൻഷനേഴ്സ് കൗൺസിൽ ട്രഷറർ. ഡോ.ആർ ബോസ്, എംപ്ലോയീസ് ഫോറം വൈസ് പ്രസിഡന്റുമാരായ ബൈജു ജി പുനലൂർ, കെ പി ഗോപാലകൃഷ്ണൻ, എന്നിവർ സംസാരിച്ചു. ശ്രീ നാരായണാ എംപ്ലോയീസ് ഫോറം കൊല്ലം യൂണിയൻ പ്രസിഡന്റ് മയ്യനാട് ജെ സിനോലിൻ, പെൻഷനേഴ്സ് കൗൺസിൽ ഭാരവാഹികളായ കായംകുളം എം രവീന്ദ്രൻ, ചവറ ഗണേശ റാവു, എംപ്ലോയീസ് ഫോറം കേന്ദ്ര കമ്മിറ്റി അംഗങ്ങളായ ഏജി ഗോകുൽദാസ്, ചന്ദ്ര പ്രകാശ്, ബിനുകുമാർ പാറശാല, എം ടി രാജാ ഭാസ്,എം ശ്രീലത, ബിന്ദു തിരുവല്ല, തട്ടാമല സന്തോഷ് കുമാർ, വിഷ്ണു രാജ്, പുനലൂർ ബിനു ലാൽ, റിഷി നാരായണൻ, ജി ചന്തു എന്നിവർ നേതൃത്വം കൊടുത്തു.

ശ്രീനാരായണ എംപ്ലോയീസ് ഫോറം കേന്ദ്രസമിതി പ്രസിഡന്റ് എസ് അജുലാൽ സ്വാഗതവും പെൻഷൻ കൗൺസിൽ പ്രസിഡന്റ് പ്രൊഫസർ എം. ആർ ജയചന്ദ്രൻ നന്ദിയും പറഞ്ഞു.



എസ് എൻ ഡി പി യോഗത്തിന്റെ സിവിൽ സർവീസ് കോച്ചിംഗ് രണ്ടാംഘട്ട എൻട്രൻസ് പരീക്ഷയിൽ പങ്കെടുക്കുവാൻ കൊല്ലം ശ്രീനാരായണ കോളേജ് ഓഫ് ലീഗൽ സ്റ്റഡീസിൽ എത്തിയവർ ശ്രീനാരായണ ട്രസ്റ്റ് ട്രഷറർ ഡോ. ജി ജയദേവൻ, കോ ഓർഡിനേറ്റർ പി.വി. രജിമോൻ, ശ്രീനാരായണ എംപ്ലോയിസ് ഫോറം കേന്ദ്രസമിതി പ്രസിഡന്റ് എസ്.അജുലാൽ, ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ പ്രസിഡന്റ് പ്രൊഫ.ജയചന്ദ്രൻ, ശ്രീനാരായണ എംപ്ലോയിസ് ഫോറം കേന്ദ്ര സമിതി ട്രഷറർ ഡോ. വിഷ്ണുഎന്നിവരോടൊപ്പം




എസ്എൻഡിപി യോഗത്തിന്റെ നേതൃത്വത്തിൽ സിവിൽ സർവീസ് പരീക്ഷാ പരിശീലന സ്കോളർഷിപ്പിന് കുട്ടികളെ തിരഞ്ഞെടുക്കുന്നതിന് നടന്ന ഒന്നാംഘട്ടപരീക്ഷയോടനുബന്ധിച്ച് ചേർന്ന സമ്മേളനം ഡോ.ജി. ജയദേവൻ ഉദ്ഘാടനം ചെയ്യുന്നു